## പാപ്പാത്തിപ്പുഴുവിന്റെ

പാപ്പാത്തിപ്പുഴുവിന്റെ
ചെറിയ മനസ്സിൽ
പൂവിനെക്കുറിച്ചുള്ള അറിവ് കാണാൻ
നിഷ്ഫലമായി ശ്രമിച്ചുനോക്കി
എന്റെ തോളിലിരിയ്ക്കുന്ന
മാലാഖ പറഞ്ഞു:
'ചിറക് മുളയ്ക്കുന്നതോടുകൂടിയാണ്
ആ അറിവുണ്ടാകുന്നത്'

അറിവ് മുൻകൂറ് ലഭിക്കുന്നില്ല
ആത്മാവ്
അവയവങ്ങൾക്ക് മുമ്പ് രൂപപ്പെടുന്നില്ല.



# രണ്ട് കവിതകൾ

കെ.എ. ജയശീലൻ



## രണ്ടുവശത്തും

ചെമ്പോത്തിനോട്
പൊതുവെ വിരോധമാം,
കൂടുകൾ കണ്ടെത്തി
മുട്ട ഭക്ഷിക്കുന്ന
ശീലം പ്രമാണിച്ച്

ഞാനിപ്പോൾ കേൾക്കും
ചടകകോലാഹലം
ആപ്പക്ഷി തന്റെ സമീപസഞ്ചാരം
വിളിച്ചറിയിയ്ക്കയാം

ചെമ്പോത്തിനെന്തോ
ഹിതം? ചെറുപക്ഷികൾ-
ക്കെന്തോ ഹിതം? രണ്ടും
എങ്ങനെ സാധിക്കും?
രണ്ടുവശത്തും
കളിക്കുന്നുവോ ദൈവം?

*3, CIEFL Quarters, Hyderabad-7, AP*